ഉത്തരം

(എ) 2000-2001 അക്കാദമിക് വർഷത്തിൽ പ്രീ ഡിഗ്രി വേർപെടുത്തൽ പ്രക്രിയ പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(ബി) പുരോഗമിച്ചുവരുന്നു.

(സി) പരിഗണനയിലാണ്.

(ഡി) സംസ്ഥാനത്ത് നേത്തെ തിരുവനന്തപുരം ജില്ലയിലും തൃശ്ശൂർ ജില്ലയിലും ഓരോ അൺഎയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ അനുവദിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഏരിയ ഇന്റൻസീവ് പദ്ധതി പ്രകാരം 6 മുസ്ലീം ഗേൾസ് റസിഡൻസ് ഹയർ സെക്കണ്ടറി സ്കൂളും മുൻ സർക്കാർ അനുവദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശ പ്രകാരം 4 സ്കൂളുകളിൽ 1998-99 വർഷം അൺഎയ്ഡഡ് ആയി പരിഗണിച്ച് ഹയർ സെക്കന്ററി കോഴ്സ് അനുവദിച്ചിട്ടുണ്ട്.

(ഇ) 1996-97, 1997-98 അദ്ധ്യയനവർഷം സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂളുകളിൽ പ്ലസ് ടൂ അനുവദിച്ചിട്ടില്ല. 1998-99 അധ്യയന വർഷം 4 എയിഡഡ് സ്കൂളുകളിൽ അൺ എയ്ഡഡ് ആയി പരിഗണിച്ച് പ്ലസ് ടൂ കോഴ്സ് അനുവദിക്കാൻ ബഹുമാനപ്പെട്ട കോടതി നിർദ്ദേശ പ്രകാരം അനുവാദം നൽകിയിട്ടുണ്ട്.

(എഫ്) 2001-2002 അക്കാദമിക് വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

59 (510) കോളേജുകളിലെ അക്രമ പ്രവർത്തനം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില കോളേജുകളിൽ ചില വിദ്യാർത്ഥി സംഘടനകൾ അക്രമം അഴിച്ചുവിടുന്നതുമൂലം അദ്ധ്യയനം മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോളേജ് കാമ്പസിനകത്തെ അക്രമപ്രവർത്തനം തടയുന്നതിനും അദ്ധ്യയനം സുഗമമാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിദ്യാർത്ഥി സമരംമൂലം അദ്ധ്യയനം മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നുണ്ട്.

60 (513) ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ ഇടുക്കിയിൽ മെഡിക്കൽകോളേജ്

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly